പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *148 | 04.12.2015 ൽ മറുപടിയ്ക്ക് |
|---|---|
| **ട്രാൻസ് ജെണ്ടർ വിഭാഗത്തിൽപ്പെട്ടവരുടെ പുനരധിവാസം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ.ബി.ഗണേഷ് കുമാർ** | **ഡോ.എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) കേരളത്തിൽ ട്രാൻസ് ജെണ്ടർ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം, അവരുടെ ജീവിത സാഹചര്യം, തൊഴിൽ എന്നിവ വ്യക്തമാക്കുന്ന ഔദ്യോഗിക രേഖകൾ ശേഖരിച്ചിട്ടുണ്ടോ ; | (എ) ഇല്ല. എന്നാൽ കേരളത്തിലെ ട്രാൻസ് ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹിക - സാമ്പത്തിക സാഹചര്യം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ സംരക്ഷണത്തിനും സാമൂഹ്യ സുരക്ഷയ്ക്കുമായി എന്തെങ്കിലും നടപടികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (ബി) ട്രാൻസ് ജെന്റർ വിഭാഗത്തിലെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) അവർക്ക് അർഹമായ പുനരധിവാസം ഉറപ്പാക്കുന്നതിനായി എന്തെങ്കിലും സർക്കാർ പദ്ധതികളോ ലക്ഷ്യങ്ങളോ ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ? | (സി) ട്രാൻസ് ജെന്റർ വിഭാഗത്തെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ